## 10.05.2018 ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ പതിമൂന്നാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.30 മണിക്ക് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് മാധ്യമങ്ങളിൽ വരുന്ന ചില സന്ദേശങ്ങളെ കുറിച്ച് ചെയർമാൻ ആമുഖമായി സംസാരിച്ചു. പരിമിതികൾക്കകത്ത് നിന്നുകൊണ്ടാണ് നാം ഇത്രയും കാലം പ്രവർത്തിച്ചതെന്നും എന്നിട്ടും വളരെ പ്രധാനപ്പെട്ട രണ്ട് റിപ്പോർട്ടുകൾ നാം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ശുപാർശകൾ സർക്കാരിനെയും ജനങ്ങളെയും സംബന്ധിച്ച വളരെ പ്രധാനപ്പെട്ട മേഖലയാണെന്നും ഇക്കാര്യത്തിൽ ജനങ്ങളുടെ അഭിപ്രായം അതീവ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുണ്ടെന്നും ഇതിനകം നടത്തിയ പൊതുജന സമ്പർക്ക പരിപാടികൾ ഫലപ്രദമായിരുന്നുവെന്നും അദ്ദേഹം പരാമർശിച്ചു. പഠനപ്രവർത്തനങ്ങൾക്ക് ഗവേഷണ സ്വഭാവമുള്ള ഇതര ഏജൻസികളുടെ സേവനം പഠനത്തിന്റെ കൃത്യത വർദ്ധിപ്പിക്കുമെങ്കിലും പ്രവർത്തനങ്ങളുടെ നിയന്ത്രണം നാം തന്നെ ഏറ്റെടുക്കണം, നിലവിലെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ പ്രകടമായ കുഴപ്പങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധം പഴുതടച്ചുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കാൻ കഴിയണം എന്നും അദ്ദേഹം പരാമർശിച്ചു.

കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ടുകളിന്മേലുള്ള നടപടികൾ മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ ഘട്ടങ്ങളിൽ അനുയോജ്യമായി ഇടപെടുന്നതിനും വേണ്ടിയായിരുന്നു കമ്മീഷന്റെ റിപ്പോർട്ടുകൾ ഘട്ടംഘട്ടമായി സർക്കാരിന് സമർപ്പിക്കണം എന്ന് തീരുമാനിച്ചതെന്നും എന്നാൽ 'സർക്കാർ കാര്യം മുറപോലെ' എന്ന മട്ടിലാണ് സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളുടെ സ്ഥിതിയെന്നും ഇതു മനസ്സിലാക്കാതെയാണ് പലപ്പോഴും മാധ്യമങ്ങൾ പോലും കമ്മീഷനെ വിമർശിക്കുന്നതെന്നും അതിനാൽ ഇക്കാര്യം സർക്കാരിന്റെയും ജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ടെന്നും അതിനുള്ള രേഖകളും വിശദീകരണങ്ങളും തയ്യാറാക്കുകയും സർക്കാരിനുള്ളത് സർക്കാരിനും ജനങ്ങൾക്കുള്ളത് ജനങ്ങൾക്കും എത്തിക്കുകയും വേണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

**തീരുമാനങ്ങൾ**

| അജണ്ട ഇനം നമ്പർ | വിഷയം | തീരുമാനങ്ങൾ |
|---|---|---|
| 1 | 28.03.2018 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പന്ത്രണ്ടാമത് യോഗം മിനിട്സ് അംഗീകരിക്കൽ | മിനിട്സിന്റെ രണ്ടാം പേജിൽ ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ.കെ.വി.സുധാകരൻ സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന പാനലിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടതിൽ കമ്മീഷൻ സന്തോഷം രേഖപ്പെടുത്തി എന്നുള്ളത് 'ചെയർമാന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ.കെ.വി.സുധാകരൻ സംസ്ഥാന വിവരാവകാശ കമ്മീഷൻ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നവരുടെ പാനലിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടതിൽ കമ്മീഷൻ സന്തോഷം രേഖപ്പെടുത്തി' എന്ന ഭേദഗതിയോടെ അംഗീകരിച്ചു. |

| | | |
|---|---|---|
| 2 | 28.03.2018 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പന്ത്രണ്ടാമത് യോഗത്തിലെ തീരുമാനങ്ങൾ- നടപടി റിപ്പോർട്ട് | നടപടി റിപ്പോർട്ട് അംഗീകരിച്ചു. |
| 3 | പൗരകേന്ദ്രീകൃത സേവനപ്രദാനം- വിവിധ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തിയത് സംബന്ധിച്ച് | പൗരകേന്ദ്രീകൃത സേവനപ്രദാനം എന്ന പഠനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വെച്ച് പബ്ലിക് ഹിയറിംഗ് നടത്തുന്നതിന് തീരുമാനിച്ചു. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സഹിതം ഫയൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇ-ഗവേണൻസ് സംബന്ധിച്ച പഠനം ഈ വിഷയത്തിൽ പ്രാഗൽഭ്യമുള്ള സ്ഥാപനത്തെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കാമെന്ന് തീരുമാനിച്ചു. |
| 4 | ക്ഷേമനിയമങ്ങൾ സംബന്ധിച്ച റിപ്പോർട്ട്- പുരോഗതി വിലയിരുത്തുന്നത് സംബന്ധിച്ച് | പുരോഗതി വിലയിരുത്തി |
| 5 | സി.എം.ഡി യുമായി യോജിച്ച് ബ്രെയിൻസ്റ്റോമിംഗ് നടത്തുന്നതും പഠനത്തിൽ സി.എസ്.ഇ.എസ് കൊച്ചിയെ പങ്കാളിയാക്കുന്നതും സംബന്ധിച്ച് | പൗരകേന്ദ്രീകൃത സേവനം എന്ന വിഷയത്തിലുള്ള പഠനം സേവനപ്രദാനപദ്ധതി(SDP) സംബന്ധിച്ച് പ്രവർത്തനപരിചയമുള്ള സി.എസ്.ഇ.എസ് നെ ഏൽപ്പിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചു. |
| 6 | ഉദ്യോഗസ്ഥ സംവിധാന പരിഷ്കരണം(Personnel Reforms) സംബന്ധിച്ച പഠനം നടത്തുന്നത് സംബന്ധിച്ച് | അംഗീകരിച്ചു. ഇതു സംബന്ധിച്ച Concept note തയ്യാറാക്കേണ്ടതാണ്. |
| 7 | കമ്മീഷന്റെ റിപ്പോർട്ടുകളിന്മേൽ തുടർനടപടി സംബന്ധിച്ച് | കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുകളിന്മേൽ സർക്കാർ നടപടി സ്വീകരിക്കാത്തതിൽ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തി. |
| 8 | ആസൂത്രണവും ധനകാര്യവും എന്ന പഠനം ആരംഭിക്കുന്നത് സംബന്ധിച്ച് | നിർദ്ദേശങ്ങൾ സഹിതം ഫയൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. |

കമ്മീഷന്റെ അടുത്ത യോഗം 2018 ജൂൺ 21 ന് വൈകുന്നേരം 3.30 മണിക്ക് കൂടുന്നതിന് തീരുമാനിച്ചു.

യോഗം 4.30 മണിക്ക് അവസാനിച്ചു.